HON'BLE MR. N. KUNJURAMAN : (എ) പരാതി കിട്ടിയിട്ടുണ്ട്.

(ബി) ഈ സംഗതികളെപ്പറ്റി അന്വേഷണം നടത്തിയതിൽ ആരോപണം അടിസ്ഥാനരഹിതമാണെന്നു തെളിവുകിട്ടിയിരിക്കുന്നതിനാൽ പരാതി റിക്കാർഡുചെയ്തു.

MR. KANNARA GOPALA PANICKER : ആരോപണം എന്താണെന്നു പറയാമോ ?

HON'BLE MR. N. KUNJURAMAN : ഈ പ്രൈമറിസ്കൂൾ ഉൽഘാടനം ചെയ്യുന്നതിനു തലേദിവസം ശ്രീകൃഷ്ണവിഗ്രഹത്തിൽ ജാതിമതഭേദമെന്യേ പുഷ്പാർച്ചന ചെയ്യണമെന്ന് ഹെഡ്മാസ്റ്റർ കുട്ടികളെ നിർബന്ധിച്ചു. ഇതാണ് ആരോപണം.

MR. EAPEN ARAKKAL : ഇക്കാര്യത്തെപ്പറ്റി ഡയറക്ടർ ഗവണ്മെൻറിലേക്കു റിപ്പോർട്ടുചെയ്തിട്ടുണ്ടോ ?

HON'BLE MR. N. KUNJURAMAN : ഡയറക്ടരുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് ഞാൻ ഇതു പറഞ്ഞത്. അസിസ്റ്റൻറ് ഇൻസ്പെക്ടർ മുഖാന്തിരമാണ് റിപ്പോർട്ടുചെയ്തിരിക്കുന്നതു്.

MR. P. D. CHAKCO : അസിസ്റ്റൻറ് ഇൻസ്പെക്ടർ ആരാണെന്നു പറയാൻ ഭയമുണ്ടാകുമോ ?

HON'BLE MR. N. KUNJURAMAN : പേരു പിന്നീടു വേണമെങ്കിൽ പറയാം.

MR. EAPEN ARAKKAL : അസിസ്റ്റൻറ് ഇൻസ്പെക്ടരുടെ റിപ്പോർട്ടിനെമാത്രം അടിസ്ഥാനപ്പെടുത്തിയാണോ ഡയറക്ടർ റിപ്പോർട്ടുചെയ്തിരിക്കുന്നതു് ?

HON'BLE MR. N. KUNJURAMAN : ഡിവിഷൻ ഇൻസ്പെക്ടരുടെ റിപ്പോർട്ടും അതിൽ അടങ്ങിയിട്ടുണ്ട്.

അഞ്ചൽ ജീവനക്കാരുടെ സർവീസ് റഗുലേഷൻ.

MR. T. V. DEVAN (കോട്ടയം പടിഞ്ഞാറ് — പുലയസംവരണം) : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) പോസ്റ്റൽ ഡിപ്പാർട്ടുമെൻറിൽനിന്ന് അനുകരിച്ചു നടത്തുന്ന ഈ ഡിപ്പാർട്ടുമെൻറൽ, പോസ്റ്റൽ സിസ്റ്റംപോലെ അഞ്ചൽജീവനക്കാരെ സർവീസു റഗുലേഷനിൽനിന്നും ഒഴിവാക്കുന്നതിനു ബഹുമാനപ്പെട്ട ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. R. ELANKATH: അങ്ങിനെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നില്ല.

MR. K. P. NILAKANTA PILLAI: അഞ്ചൽ ഡിപ്പാർട്ടുമെൻറും പോസ്റ്റൽ ഡിപ്പാർട്ടുമെൻറും തമ്മിൽ ഒന്നിച്ചുചേക്കാൻപോകുന്നുവെന്ന ഉൽപ്രതിനെപ്പറ്റി വല്ല അധികൃതസമാധാനവും ഗവണ്മെൻറിനു തരാനുണ്ടോ?

HON'BLE MR. K. R. ELANKATH: ഇല്ല. അഞ്ചൽവകുപ്പിനെ സംബന്ധിച്ച ചില വിവരങ്ങൾ ഇൻഡ്യാഗവണ്മെൻറ് ആവശ്യപ്പെട്ടിട്ടുള്ളതല്ലാതെ ഇതിനെ സംബന്ധിച്ച യാതൊരറിവും ഗവണ്മെൻറിന് അധികൃതമായി ലഭിച്ചിട്ടില്ല.

തിരുവിതാംകൂർ ലേബർ പാർട്ടി.

513. MR. P. K. KRIHNAN SASTRI (മീനച്ചൽ വടക്കു—പുലയസംവരണം): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ ലേബർപാർട്ടി എന്നൊരു പാർട്ടി ഉണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തകർ ആരെല്ലാമെന്നും പറയുവാൻ ദയവുണ്ടാകുമോ?

(ബി) ടി പാർട്ടിയുടെ പേരിൽ ഗവണ്മെൻറിൽ നിന്നും നടപടികളെടുത്തിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിൽ എന്നും ദയവായി പറയുമോ?

(സി) ഈ നടപടികളുടെ സ്വഭാവം എന്താണെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിന് ദയവുണ്ടാകുമോ?

HON'BLE MR. N. KUNJURAMAN: (എ) തിരുവിതാംകൂർ ലേബർ പാർട്ടി എന്നൊരു പാർട്ടി ഉണ്ടായിട്ടില്ല.

(ബി), (സി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

നിർബന്ധിതവിദ്യാഭ്യാസം.

514. MR. S. KUTTAN (നെയ്യാറ്റിങ്കര ഫ—ജനറൽ): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ?

(എ) നിർബന്ധിതവിദ്യാഭ്യാസം ഇതിനകം ഏതെല്ലാം താലൂക്കുകളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly